## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 304** | **08.06.2015-ന് മറുപടിക്ക്**

### ഉൾനാടൻ ജലാശയങ്ങളിലെ മണലെടുപ്പ് തടയൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി)<br>..... |
| (എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന രീതിയിൽ, ഉൾനാടൻ ജലാശയങ്ങളിൽ നിന്നും വ്യാപകമായ തോതിലുള്ള മണലെടുപ്പ് നടത്തുന്നത് തടയുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും പരിസ്ഥിതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (എ) ബഹു.സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA)യുടെ മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാതെ നദികളിൽ നിന്ന് മണൽ വാരുന്നത് നിരോധിച്ചിട്ടുണ്ട്. ഈ നടപടി അനധികൃതവും ക്രമാതീതമായതുമായ മണലെടുപ്പ് തടയുന്നതിനും അതുവഴി നദികളുടെ സംരക്ഷണം സാധ്യമാക്കാനുമാണ്. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിനായി 12.12.2014-ന് സ.ഉ. (അച്ചടി) നമ്പർ.16/2014/പരിസ്ഥിതി നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്